പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6011

07-07-2014 ൽ മറുപടിക്ക്

**ദേശസാൽകൃത ബാങ്കുകളിൽനിന്നുള്ള സ്വർണ്ണപ്പണയത്തിൻമേലുള്ള കാർഷിക വായ്പ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.എ.ബേബി | | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ദേശസാൽകൃത ബാങ്കുകളിൽ കൃഷിക്കാർക്ക് സ്വർണ്ണപ്പണയത്തിൻമേൽ കുറഞ്ഞ പലിശയ്ക്ക് കാർഷിക വായ്പ ലഭ്യമാക്കിയിരുന്നത് മിക്ക ബാങ്കുകളും നിർത്തലാക്കിയ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) കാർഷിക വായ്പ അനർഹർ നേടുന്നു എന്നപേരിൽ യഥാർത്ഥ കർഷകർക്കും വായ്പ നിഷേധിക്കുന്ന സാഹചര്യത്തിൽ, കർഷകർക്ക് അനുകൂലമായി എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ; | (ബി) | കാർഷിക സ്വർണ്ണപ്പണയ വായ്പകളുടെ ദുരുപയോഗം തടയുന്നതിനായുള്ള റിസർവ്വ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് ഇപ്പോൾ സംസ്ഥാനത്തെ ബാങ്കുകൾ കാർഷിക സ്വർണ്ണപ്പണയ വായ്പകൾ നൽകിവരുന്നത്. |
| (സി) 4 ശതമാനം പലിശയ്ക്ക് (മൂന്ന് ശതമാനം സബ്സിഡി കഴിച്ച്) സ്വർണ്ണപ്പണയത്തിൻമേൽ ദേശസാൽകൃത ബാങ്കുകൾ വഴിയും ഷെഡ്യൂൾഡ് ബാങ്കുകൾ വഴിയും കാർഷിക വായ്പ നൽകാനുള്ള നടപടി പുനസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ? | | ദേശസാൽകൃത ബാങ്കുകളിൽ കൃഷിക്കാർക്ക് സ്വർണ്ണപ്പണയത്തിൻമേൽ കുറഞ്ഞ പലിശയ്ക്ക് കാർഷിക വായ്പ നൽകിവരുന്നുണ്ട് |

സെക്ഷൻ ഓഫീസർ